
ഒക്ടോബർ 2021
വാല്യം 1 ലക്കം 3

# VOX SANT' ANDREA

(വി.അന്ത്രയോസിന്റെ ശബ്ദം)



Parish Bulletin Magazine St. Andrews Basilica, Arthunkal



# VOX SANT' ANDREA

(വി.അന്ത്രയോസിന്റെ ശബ്ദം)


## എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**

ഫാ. സ്റ്റീഫൻ ജെ പുന്നക്കൽ

**ചീഫ് എഡിറ്റർ**

ഫാ. സൈറസ് തോമസ് കാട്ടുങ്കൽതയ്യിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**

ലിസ്സി ജോസ്‌ലിൻ

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

ദാസ് വാലയിൽ

അലോഷ്യസ് ജോസഫ് അരേശ്ശേരിൽ

സെബാസ്റ്റ്യൻ കെ. ഡബ്ല്യൂ.

സൂസി കെ. ബി.

സീന പി. ജെ.

**എഡിറ്റോറിയൽ കോപ്പറേറ്റേഴ്സ്**

ജോസി സ്റ്റീഫൻ

ആന്റണി അമാർ

ജോയ് സി. ഡി.

അശ്വിൻ ജി. പ്രകാശ്

ഷാന്റി എ. ജെ.

സെബാസ്റ്റ്യൻ കെ. പി.


അനറ്റ് സെബാസ്റ്റ്യൻ

സൺഫിയമോൾ കെ. എസ്.

ജെസ്‌വിൻ വിനോദ്

**ലേ ഔട്ട് & ഡിസൈൻ**

നെവിൽ ആന്റണി മാരാരിക്കുളം



# ഉള്ളടക്കം


03

**സ്ത്രീയും ക്രൈസ്തവീകതയും**
*ഡാർവിനച്ചൻ*

06

**ജീസസ് ലൈൻ**
*ജോസ് ആന്റണി*

08

**വി. ഫ്രാൻസിസ് അസ്സീസി**
*ഷാന്റി ജോസഫ്*

10

**പരിശുദ്ധ അമ്മയും ജപമാലയും**
*തെരേസ അജീഷ്*

11

**വിശുദ്ധ കുർബ്ബാന എന്റെ ജീവിതത്തിൽ**
*അന്നാ റോസ്*

13

**ബസിലിക്കയുടെ ചരിത്രം**
*ടോണി അച്ചൻ*

16 Totto-chan
**ടോട്ട ചാൻ**
*സൺഫിയ*

18


**വിദ്യാഭ്യാസത്തിൽ വിനോദയാത്രകളുടെ പങ്ക്**
*ജെഫി അലോഷ്യസ്*

20

**ദൈവം**
*അനീറ്റ രാജു പൊള്ളയിൽ*

21

**അർത്തുങ്കൽ വലിയ പള്ളിക്ക് 55 വയസ് പൂർത്തിയായി**
*കെഫിൻ*

22

**പാത്രീസ് കോർദെ പിതൃഹൃദയത്തോടെ**
*നൈൽ തോമസ്*




എഡിറ്റോറിയൽ

# ഇടവക ദൈവാലയം



അർത്തുങ്കൽ പുതിയ ദൈവാലയം പണികഴിപ്പിച്ചിട്ട് 2021 സെപ് 24 ന് 54 വർഷം പൂർത്തിയായി. 2010 ഒക്ടോബർ 11–ാം തീയതിയാണ് ദൈവാലയം ബസിലിക്കയായി ഉയർത്തപ്പെട്ടത്. അർത്തുങ്കൽ ദേശത്തിന്റെ പ്രകാശമായ ഈ ദൈവാലയം ശിരസുയർത്തി നിൽക്കാൻ തുടങ്ങിയിട്ട് വർഷങ്ങളാകുന്നു. അർത്തുങ്കൽ ദേശവാസികളുടെയും ആലപ്പുഴ രൂപതക്കാരുടെയും വിശ്വാസ സമൂഹത്തിന്റെയും ഒരു അഭിമാനമാണ് ഈ ആലയം

ജാതി മത ഭേതമന്യേ ഈ പ്രദേശത്തെ മനുഷ്യരുടെ വിദ്യാഭ്യാസ, സാമൂഹിക, സാംസ്ക്കാരിക, മേഖലകളെ ഈ ദൈവാലയം വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. അർത്തുങ്കൽ ദേശം പോലും ലോകം തിരിച്ചറിയുന്നത് ഈ ദൈവാലയത്തോടു ചേർത്തുവച്ചുകൊണ്ടാണ്. വിവിധ നാടുകളിൽ നിന്നും മനുഷ്യർ ഇവിടെ എത്തിച്ചേരുന്നത് ഈ ദൈവാലയവും അവിടെ വസിക്കുന്ന ദൈവത്തെയും പുണ്യവാനെയും കാണുവാനായിട്ടാണ്. ഈ നാടിന്റെ സാമ്പത്തിക വികസനം പോലും സാധ്യമാകുന്നത് ഈ മണ്ണിലെ ഈ ദൈവാലയ സാന്നിദ്ധ്യമല്ലേ

ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവത്തിന്റെ ആലയത്തിന്റെ സാന്നിദ്ധ്യം എത്ര വലുതാണെന്ന് നമ്മൾ തിരിച്ചറിയണം. ജനിച്ചനാൾ മുതൽ ആ ബന്ധം തുടങ്ങുന്നു. ജ്ഞാനസ്നാനം മുതൽ ജീവിതത്തിന്റെ നിർണ്ണായക എല്ലാ കൂദാശകളും നിർവ്വഹിക്കപ്പെടുന്നത് ഇവിടെയല്ലേ. ലോകത്തിന്റെ ഏതു കോണിൽ പോയാലും അവസാനം മണ്ണോടു മണ്ണായി അലിയാൻ പോകുന്നതും ഈ ദൈവാലയ പരിസരത്തെ ആറടി മണ്ണിലായിരിക്കും. ഒരു വ്യക്തിയുടെ ജീവിതത്തിൽ അവന്റെ ഇടവക ദൈവാലയം തന്റെ നെഞ്ചോടു ചേർത്തുവയ്ക്കേണ്ട ഒരു വികാരമാണ്. നിങ്ങളുടെ ഈ ബന്ധം ഒരിക്കലും വേർപിരായാതിരിക്കട്ടെ.

ഡാർവിനച്ചൻ



# സ്ത്രീയും ക്രൈസ്തവികതയും

എല്ലാ സാമൂഹികബന്ധ നിർവചനങ്ങളും അധികാരത്താൽ നിർണയിക്കപ്പെടുന്നതും നിലനിൽക്കുന്നതുമാണ്. അധികാരത്തെ സംബന്ധിച്ച വിലയിരുത്തലുകൾ വൈരുദ്ധ്യാത്മകമായിരിക്കുമ്പോൾ തന്നെ സഹജരുടെ അടിസ്ഥാന വകാശങ്ങളെ നിഷേധിക്കുന്ന തരത്തിൽ സമൂഹത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ നിലനിൽക്കുന്ന അധികാര രൂപങ്ങൾ അപനിർമ്മിക്കപ്പെടേണ്ടത് അനിവാര്യമാണ്.

കേരളീയപൊതുമണ്ഡലത്തിലെ പ്രധാനഘടകങ്ങളായ മുഖ്യധാരാമതങ്ങളെല്ലാം തന്നെ വ്യവസ്ഥാപിതമായ അധികാര ഘടനകൾക്കുള്ളിൽ തന്നെയാണ് നിലനിൽക്കുന്നത്. ഈ മതങ്ങളുടെയെല്ലാം പ്രാരംഭകാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹികബോധത്തിലെ മേൽകീഴ്വ്യവസ്ഥകൾ അവയിൽ സ്വാധീനം ചെലുത്തിയതായി കാണാൻ സാധിക്കും. ഈ മേൽകീഴ് വ്യവസ്ഥകൾ മതതത്ത്വങ്ങൾക്കുള്ളിൽ നൂറ്റാണ്ടുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം പ്രബലവർഗത്തിന്റെ അധികാരം തുടർച്ചയായി സംരക്ഷിക്കപ്പെടുകയും അപരത്വം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മതം മുന്നോട്ടു വെയ്ക്കുന്ന ഉദാത്താശയങ്ങൾക്ക് തന്നെ വിരുദ്ധമായ തത്ത്വശാസ്ത്രങ്ങൾ നിർമ്മിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന അധികാരപ്രവണതകളിൽ പ്രധാനപ്പെട്ടതാണ് ആണധികാരം.

ക്രൈസ്തവമതത്തെ സംബന്ധിച്ച് പറയുമ്പോൾ, ബൈബിൾ പഴയനിയമത്തിൽ സൃഷ്ടിയുടെ ആരംഭം മുതൽ പ്രകടമാകുന്ന കടുത്ത



തുനിഞ്ഞ സമൂഹത്തിന് അവന്റെ വാക്കുകൾക്ക് മുന്നിൽ തോറ്റുമടങ്ങേിവരുന്നു.

നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ എന്ന് ഉദ്ഘോഷിച്ച സ്ത്രീക്ക് ക്രിസ്തു നൽകുന്ന പ്രത്യുത്തരത്തിൽ സ്ത്രീ എന്നാൽ പയോധരങ്ങളും ഗർഭപാത്രവും മാത്രമെല്ലന്ന ധ്വനികൂടി ഉൾപ്പെട്ടിട്ടുണ്ട്. രക്തസ്രാവമുള്ളവൾ തൊട്ടതെല്ലാം മലിനമാകും എന്ന് വിശ്വസിച്ചിരുന്ന കാലഘട്ടത്തിൽ അവൻ തന്നെ സ്പർശിച്ച രക്തസ്രാവക്കാരിയെ, അവളുടെ വിശ്വാസത്തെ അഭിനന്ദിക്കുന്നു. കുറ്റവാളിയായി ഹാജരാക്കപ്പെട്ട ക്രിസ്തുവിന്റെ സ്വാഭാവികയുക്തിയെ നിഷേധിക്കാൻ പീലാത്തോസിന്റെ ഭാര്യ വി. ക്ലോഡിയ അദ്ദേഹത്തോട് ശുപാർശ ചെയ്തതായി ബൈബിൾ രേഖപ്പെടുത്തുന്നു. കുരിശിൻചുവട്ടിൽ സ്ത്രീകൾക്ക് അവനോടുള്ള സ്നേഹം സൂര്യശോഭയോടെ പ്രകാശിക്കുന്നു. അവന്റെ ഉത്ഥാനരഹസ്യം പ്രഘോഷിക്കാൻ നിയോഗിക്കപ്പെട്ടതും സ്ത്രീകൾ തന്നെ. ഇപ്രകാരം സ്ത്രീകളോട് ക്രിസ്തു ഇടപെട്ട ഭൂരിഭാഗം അവസരങ്ങളിലും യഹൂദപാരമ്പര്യത്തിലെ ലിംഗവിവേചനപരമായ നിയമങ്ങളും വ്യവസ്ഥകളും ലംഘിക്കപ്പെട്ടിട്ടുണ്ട്. അവയെ ലംഘിച്ചുകൊണ്ടുതന്നെസ്ത്രീയെമഹത്വത്തിലേക്കുയർത്താൻ അവൻ ശ്രമിച്ചു.

സ്ത്രീവിരുദ്ധത ക്രിസ്തുവിനാൽ തിരുത്തപ്പെടുന്നുണ്ടെന്ന് കാണാം. രക്ഷാകരദത്വത്തിന്റെ ആരംഭം മുതൽ സ്ത്രീകളുടെ നിരന്തരമായ ഇടപെടലുകൾ അവന്റെ ജീവിതത്തിൽ ഉണ്ടാകുന്നുണ്ട്. ഗർഭധാരണത്തിനുള്ള സ്ത്രീയുടെ സ്വയം നിർണയാവകാശം മംഗളവാർത്തയിലൂടെ അംഗീകരിക്കപ്പെടുന്നു. യഹൂദസമൂഹം അസ്പർശ്യരായി കരുതുന്ന്ന സമരിയവിഭാഗത്തിലെ സ്ത്രീയോട് താൻ തന്നെയാണ് മിശിഹാ എന്ന് ക്രിസ്തു വെളിപ്പെടുത്തുന്നു. മോശയുടെ നിയമത്തിന് അനുസൃതമായി വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളെ കല്ലെറിയാൻ

എന്നാൽ ക്രിസ്തുമതത്തിന്റെ പ്രാരംഭദശയിൽ സാമൂഹികധികാരക്രമങ്ങളുടെ ഫലമായി ലിംഗവിവേചനം പൂർവാധികം ശക്തി പ്രാപിക്കുകയുണ്ടായി. വി.പൗലോസിന്റെ ലേഖനങ്ങളിലും, വി. അഗസ്റ്റിൻ, വി. അംബ്രോസ്, വി. ജോൺ ക്രിസോസ്റ്റം , വി. തോമസ് അക്വീനാസ് തുടങ്ങിയ സഭാപിതാക്കൻമാരുടെ പ്രബോധനങ്ങളിലും പ്രത്യക്ഷപ്പെട്ട സ്ത്രീവിരുദ്ധത ഈ പ്രക്രിയയുടെ ഫലമായിരുന്നു. സിമോൺ ദി ബുവ (SIMON de BEAUVOIR )തന്റെ ദി സെക്കന്റ് സെക്സ് ( The Second Sex) എന്ന കൃതിയിൽ ഈയൊരു ചരിത്രസന്ദർഭത്തെ ഗൗരവമായ



വിമർശനത്തിന് വിധേയമാക്കുന്നുണ്ട്.

മനുഷ്യോത്തര കാലഘട്ടത്തിന്റെ ആരംഭത്തിലെങ്കിലും പ്രാരംഭത്തിലുണ്ടായ ആണധികാരസമീപനങ്ങളുടെ തീവ്രത കുറയ്ക്കാനും അരികുവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ഉൾക്കൊള്ളാനും സഭ നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്.

പ്രാദേശികസംസ്കാരങ്ങൾക്ക് കാനോൻ നിയമപ്രകാരമല്ലാത്തതും എന്നാൽ അതതുപ്രദേശത്തെ സംസ്കാരങ്ങൾക്ക് അനുയോജ്യവുമായ ചില തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമുള്ള സ്വാതന്ത്ര്യം വത്തിക്കാൻ നൽകുന്നുണ്ടെങ്കിലും ക്രൈസ്തവ പ്രബോധനങ്ങൾക്ക് നേർവിപരീതവും കൗദാശികജീവിതം വിശ്വാസിക്ക് നിഷേധിക്കുന്നതുമായ ആചാരങ്ങളെ അംഗീകരിക്കാൻ കഴിയില്ല. സാധാരണമായ വിധത്തിൽ അതായത് തിരുത്തിപ്പെടേണ്ടതാണെന്ന് തോന്നിപ്പിക്കത്തക്കവിധത്തിൽ സ്ത്രീകളുടെ ആത്മീയാവകാശങ്ങളെയും വ്യക്തി എന്ന നിലയിൽ അവൾക്കുള്ള മാഹാത്മ്യത്തെയും ഹനിക്കുന്ന ആചാരങ്ങൾ നമുക്കിടയിൽ നിലനിൽക്കുന്നതിന്റെ ഉദാഹരണമാണ് നടകയറൽ. പുതിയ പദവി അഥവാ മാതൃത്വം ഏറ്റെടുത്തതിനുള്ള ആദര സൂചകമായിട്ടാകണം ആദ്യകാലത്ത് ഇത്തരമൊരാചാരം ക്രൈസ്തവർക്കിടയിൽ നിലവിൽവന്നത്. എന്നാൽ ഇന്ന് ഈ ആചാരം, ഗർഭധാരണം, പ്രസവം തുടങ്ങി പ്രത്യുല്പാദനവുമായി ബന്ധപ്പെട്ട് സ്ത്രീശരീരത്തിലുണ്ടാക്കുന്ന പ്രക്രിയകൾ അശുദ്ധിയാണെന്നും ഇത്തരം അശുദ്ധിയിൽ നിന്ന് മോചിതരായി മാത്രമെ ദേവാലയത്തിൽ പ്രവേശിക്കാവൂ എന്ന അന്ധവിശ്വാസത്തെയാണ് ഇത്തരം ആചാരങ്ങൾ വഴി വിനിമയം ചെയ്യാൻ സാധിക്കുന്നത്. പല യുവതികളും പ്രസവത്തിനു ശേഷം കുട്ടിയുടെ ജ്ഞാനസ്നാനം വരെ ദേവാലയത്തിൽ പ്രവേശിക്കാത്തതിന് കാരണവും ഈ തെറ്റിദ്ധാരണയാണ്. കത്തോലിക്കാ നിയമപ്രകാരം, പ്രസവശേഷം സ്ത്രീ ആരോഗ്യാവസ്ഥ വീണ്ടെടുത്ത് ദേവാലയ ത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ദിവസം തന്നെ പരി. ബലിയിൽ സംബന്ധിക്കാൻ യാതൊരു തടസവുമില്ലെന്നിരിക്കെ, ആത്മീയ പാലകർ ഈ വിഷയത്തിൽ പുലർത്തുന്ന ഉദാസീനതയും മൗനവും കുറ്റകരമാണ്.

പ്രിയപെൺകുട്ടീ, തിരുശരീര രക്തങ്ങൾ പങ്കുവയ്ക്കപ്പെടുന്ന അൾത്താരയിൽ നീ പ്രവേശിക്കുന്നതിന് ആരുടെയും ശുദ്ധീകരണമോ അനുവാദമോ ആവശ്യമില്ല. അമ്മയ്ക്കൊത്ത ധീരതയോടെ അത്തരം പ്രവണതകളെ തള്ളിക്കളയുക. നിന്നോടൊന്നാകാൻ പരിശുദ്ധ സ്നേഹം ദേവാലയത്തിൽ കാത്തിരിക്കുന്നു.




ജോസ് ആന്റണി

# ജീസസ് ലൈൻ


ജീസസ് ലൈൻ അതാവട്ടെ ഇനി നമ്മുടെ ഓൺലൈൻ. കോവിഡ് മഹാമാരി ലോകത്താകമാനം വരുത്തിയ പ്രതിസന്ധികൾ ഓരോന്നായി തരണം ചെയ്യാനുള്ള മനുഷ്യന്റെ ശേഷിയും കൂട്ടായ്മയും നമ്മൾ അനുദിനം മനസ്സിലാക്കി കൊണ്ടിരിക്കുകയാണ്. അവസാനം നമ്മൾ തീരുമാനിച്ചു കോവിഡിനൊപ്പം നീങ്ങാമെന്ന്. അതിജീവനത്തിന് പുത്തൻ വഴികളിലൂടെ വിവിധ രംഗങ്ങളിൽ ആശയവിനിമയരംഗത്ത് പുതിയ വഴികളും രീതികളും ഉപകരണങ്ങളും നമ്മുടെ അതിജീവനത്തിന്റെ നേട്ടങ്ങളായി മാറി.

ആഗോളതലത്തിൽ ചിന്തിക്കാനും പ്രാദേശികതലത്തിൽ പ്രവർത്തിക്കുവാനും ഇപ്പോൾ നമ്മൾ പഠിച്ചു. വി കൺസോൾ പോലുള്ള പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് ഓൺലൈൻ

പ്രയോഗരീതിയിലേക്ക് പ്രായഭേദമില്ലാതെ നമ്മൾ കടന്നു ചെന്നു. ഗൂഗിൾ പ്ലേയ് ഗൂഗിൾ വാട്സ് ആപ്പ് ഗ്രൂപ്പ് തുടങ്ങിയവ നമ്മുടെ വേഗത യുള്ള വിവരസാങ്കേതികതയായി മാറി. പുത്തൻ ലോകത്തിലേക്ക് അവ നമ്മെ കൂട്ടിക്കൊണ്ടു പോയി. രോഗികളുടേയും മരണപ്പെട്ടവരുടേയും എണ്ണം ദിനംപ്രതി വർദ്ധിച്ചു.

കരുതലിന്റേയും ജാഗ്രതയുടെയും സന്നദ്ധ സേവനത്തിന്റേയും ജനകീയ മാതൃക കൾ മറക്കാനാവാത്ത അനുഭവങ്ങളായി മാറി. ഡിജിറ്റലൈസേഷന്റെ ഗുണവും ദോഷവും അറിഞ്ഞ് ശരിയായതിനെ ഉൾക്കൊള്ളുവാൻ ഇന്ന് നാം തയ്യാറാകണം. ധാരാളിത്തം മാറ്റിവച്ച് മിച്ചം വയ്ക്കുന്ന സംസ്കാരം നാം വളർത്തി യെടുക്കണം. വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും ഉറപ്പാക്കണം. മൂല്യാധിഷ്ഠിതമായ മാതൃകകൾ നമ്മുടെ ജീവിതത്തിൽ പ്രാവർ ത്തികമാക്കണം. കുടുംബ ഡിജിറ്റലൈസേഷൻ പൂർണ്ണമായും പ്രാർത്ഥനാമാർഗ്ഗങ്ങളിൽ കൊ ണ്ടുവരണം. അത് കുടുംബ ബന്ധങ്ങളുടെ ആഴം വർദ്ധിപ്പിക്കും. കാണുന്ന കാഴ്ചകളിലൂടെ, കേൾക്കുന്ന വചനങ്ങളിലൂടെ ഈശോ നാഥൻ കുടുംബങ്ങളെ സജീവമാക്കും.

ഈ ഡിജിറ്റലൈസേഷൻ കാലഘ ട്ടത്തിൽ ഓൺലൈൻ ജീസസ് ലൈൻ ആയി മാറുന്നതിനുള്ള സാഹചര്യങ്ങൾ നാം തന്നെ നമ്മുടെ ഭവനങ്ങളിൽ ഒരുക്കി എടുക്കണം. ബൈബിൾ വചന സന്ദേശങ്ങൾ നമ്മുടെ ഫോണിൽ കൊണ്ടുവരുവാനും വാട്സാപ്പ് വഴി പ്രചരിപ്പിക്കുവാനും നാം ശ്രമിക്കണം. ഫ്രാൻസിസ് പാപ്പാ നൽകുന്ന കരുതലിനും അതിജീവന ത്തിനും മുന്നിൽ നമുക്ക് ദൈവത്തെ നമിക്കാം. ഈ കാലഘട്ടത്തിൽ നമുക്ക് പരസ്പരം ഉപ കാരികളായിത്തീരുവാൻ ജീസസ് ലൈൻ ഉപ കരിക്കട്ടെ. ഓൺലൈനും ഓഫ് ലൈനും എല്ലാം ചേർന്നുള്ള ജീസസ് ലൈൻ നമുക്ക് വഴികാട്ടിയായിത്തീരട്ടെ.



അതുൽ ജോസഫ്



അന്ന മേരി അനുഗ്രഹാ ദാസ്



ഷാന്റി ജോസഫ്

# വി. ഫ്രാൻസിസ് അസ്സീസി

1182 ൽ ഇറ്റലിയിലെ അസ്സീസി എന്ന പട്ടണത്തിലാണ് ഫ്രാൻസിസ് ജനിച്ചത്. പിതാവ് ബർണാർഡ് സമ്പന്നനായ ഒരു പട്ടുവസ്ത്രവ്യാപാരി ആയിരുന്നു. ഭക്തയായ അമ്മ പ്രിയ മകന് ജ്ഞാനസ്നാനത്തിൽ ജോൺ എന്ന പേരു നൽകി. വസ്ത്രവ്യാപാരിയായ പിതാവ് തനിക്ക് ഫ്രാൻസുമായുള്ള വ്യാപാര ബന്ധം പരിഗണിച്ച് കുഞ്ഞിന്റെ പേര് ഫ്രാൻസിസ് എന്നാക്കി.

സാധാരണ പ്രഭുകുമാരന്മാർക്കു യോജിച്ചവിധം സുഖലോലുപതയിൽ ഫ്രാൻസിസ് വളർന്നു. എങ്കിലും ദരിദ്രരോടുള്ള സഹതാപത്തിന്റെ ഒരു നീരോട്ടം ആ ചെറുപ്പക്കാരന്റെ മനസ്സിൽ എന്നും ഉണ്ടായിരുന്നു. 14 മത്തെ വയസ്സു മുതൽ ഫ്രാൻസിസ് ,വസ്ത്രവ്യാപാരത്തിൽ പിതാവിനെ സഹായിച്ചു. 1202 ൽ അസ്സീസിയും അയൽ പട്ടണമായ പെറുജിയയും തമ്മിലുള്ള യുദ്ധത്തിൽ പെറുജിയ ജയിക്കുകയും ഫ്രാൻസിസ് തടവുകാരനാകേണ്ടി വരികയും ചെയ്തു . തുടർന്ന് സൈന്യത്തിൽ ചേർന്ന ആ ചെറുപ്പക്കാരൻ രോഗബാധ മൂലം മടങ്ങിപ്പോന്നു.

ഇക്കാലത്ത് ഫ്രാൻസിസിന്റെ ചിന്തകൾക്ക് ഏകാന്തതയിലേയ്ക്കുള്ള ശക്തമായ ഉൾവിളി ഉണ്ടായി. ദാരിദ്ര്യത്തെ വധുവായി സ്വീകരിച്ചു. ഒരിക്കൽ അസ്സീസിയിലെ ജീർണ്ണാവസ്ഥയിലായ വി.ഡാമിയന്റെ പള്ളിയിൽ പ്രാർത്ഥിക്കുമ്പോൾ അൾത്താരായിലെ ക്രൂശിതരൂപത്തിൽ നിന്ന് ആത്മസമർപ്പണത്തിനുള്ള ദൈവവിളി ലഭിച്ചു. "ജീർണ്ണതയിൽ നിന്ന് പള്ളി ഉദ്ധരിക്കൂ" എന്ന സ്വരം ദേവാലയം ഉദ്ധരിക്കുക എന്ന അർത്ഥത്തിൽ ഉൾവിളിയായി സ്വീകരിച്ചെങ്കിലും, ജീർണ്ണോന്മുഖമായ സഭയെ ഉദ്ധരിക്കാനുള്ള ഒരു നിയോഗമായിരുന്നു അത് എന്ന് ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാം.

പള്ളിയുടെ പുനരുദ്ധാരണത്തിനായി പിതാവുമായി കലഹിക്കുകയും 'ഇനിമേൽ സ്വർഗ്ഗസ്ഥനായ ദൈവമാണ് എന്റെ പിതാവ്' എന്ന് പറഞ്ഞു കൊണ്ട്, പണവും വസ്ത്രവും പിതാവിന്

കൊടുത്ത് ഫ്രാൻസിസ് പൂർണ്ണ ദാരിദ്ര്യം വരിച്ചു.

തുടർന്ന് ക്രിസ്തുവിന്റെ, സ്നേഹത്തിന്റേയും, സമാധാനത്തിന്റേയും സന്ദേശവുമായി അസ്സീസിയിൽ ചുറ്റിനടന്ന് പ്രസംഗിച്ചു. അദ്ദേഹത്തിൽ ആകൃഷ്ടരായ യുവാക്കൾ ഫ്രാൻസിസിന്റെ ഒപ്പം കൂടി. അവർ ചെറു സമൂഹമായി. സമൂഹം വളർന്നപ്പോൾ ഫ്രാൻസിസ്, സന്യാസസമൂഹത്തിനു വേണ്ടി നിയമാവലി എഴുതി തയ്യാറാക്കി.

1224 ൽ വി.മിഖായേലിന്റെ തിരുനാളിന് ഒരുക്കമായി നാല്പതുനാൾ നോമ്പാചരിക്കാൻ ഫ്രാൻസിസ് അൽവെർണിയ മലയിലേയ്ക്ക് പോയി. അവിടെ വച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ 'പഞ്ച ക്ഷതം' ദൃശ്യമായി. ഒരു വൈദികനാകാൻ താൻ യോഗ്യനല്ല എന്ന് വിശ്വസിച്ച, ക്രിസ്തുവിനു ശേഷം ക്രിസ്തുവിനെപ്പോലെ ജീവിച്ചവൻ, രണ്ടാം ക്രിസ്തു എന്ന് ലോകം പുകഴ്ത്തുന്ന അസ്സീസിയിലെ ഫ്രാൻസിസ് നാല്പത്തിനാലാമത്തെ വയസ്സിൽ സ്വർഗ്ഗം പൂകി.

ദൈവത്തെ സ്തുതിക്കുന്നതിലും മനുഷ്യരെയും പ്രകൃതിയേയും സ്നേഹിക്കുന്നതിലും വി.ഫ്രാൻസിസിനു തുല്യം മറ്റൊരാളില്ല. പ്രകൃതിയിലെ സകലത്തിലും ദൈവത്തിന്റെ ഛായ കണ്ടെത്തി, പ്രകൃതിയിലെ സൃഷ്ട വസ്തുക്കളെ സഹോദരനും സഹോദരിയുമായി കണ്ടു. വി.ഫ്രാൻസിസ് സൃഷ്ടിച്ചത് സ്നേഹത്തിന്റെ വിപ്ലവമാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ അഷ്ടസൗഭാഗ്യങ്ങൾ അക്ഷരാർത്ഥത്തിൽ ജീവിച്ചുകാട്ടിയ മഹാ വിശുദ്ധനാണ് വി.ഫ്രാൻസിസ് അസ്സീസി.

കർത്താവേ, പറുദീസാ മോഹിച്ചാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ മാലാഖയെ വിട്ട് അങ്ങ് അതിന്റെ വാതിൽ അടയ്ക്കുക. നരകത്തെ പേടിച്ചാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ എന്നെ നിത്യാഗ്നിയിലേയ്ക്ക് എറിഞ്ഞേക്കുക. എന്നാൽ



അങ്ങേയ്ക്കുവേണ്ടി, അങ്ങേയ്ക്കു വേണ്ടി മാത്രമാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നതെങ്കിൽ ഇരു കരങ്ങളും നീട്ടി എന്നെ സ്വീകരിക്കണമേ..... ഈ പ്രാർത്ഥനയാണ് ഫ്രാൻസിസ് അസീസിയെ സ്വർഗ്ഗത്തിന് പ്രീയങ്കരനാക്കി മാറ്റിയത്.



തെരേസ അജീഷ്


# പരിശുദ്ധ അമ്മയും ജപമാലയും

രക്ഷാകര ചരിത്രത്തിൽ പരിശുദ്ധ കന്യ കാമറിയത്തിന് ഉള്ള സ്ഥാനവും ജപ മാലക്കുള്ള സ്ഥാനവും അതുല്യമാണ്. ക്രിസ്ത ുവിനെപ്പോലെ എല്ലാം നിശബ്ദമായി സഹിച്ചവളാണ് പരിശുദ്ധ കന്യകാമറിയം

ദൈവത്തിന്റെ മക്കൾക്ക് തിരുസ്സഭ നൽകുന്ന വ്യക്തമായ പ്രബോധനമാണ് ജപമാല പ്രാർത്ഥന. തിരുസ്സഭ അംഗീകരിച്ചിട്ടുള്ളതും ഓരോ ആത്മാവിനെയും നിത്യരക്ഷയിലേക്ക് ന യി ക്കാൻ ഉതകുന്നതുമായ ഒരു പ്രാർത്ഥനാ രീതി യാണ് ജപമാല. അത്ഭുതകരമായ ശക്തിയുള്ള പ്രാർത്ഥനയാണിത്. പ്രാർത്ഥിക്കുമ്പോൾ ജപമാ ലയിലൂടെ യേശുവിന്റെ രക്ഷാകര രഹസ്യങ്ങളിൽ പങ്കുചേരുവാൻ ഓരോരുത്തർക്കും സാധി ക്കുന്നു. അനേകം വിശുദ്ധർ ഈ ജപമാല പ്രാർത്ഥനയിലൂടെ ഈശോയിലേക്ക് അടുത്ത് കൊണ്ടിരുന്നു. ജപമാല ചൊല്ലുന്ന വ്യക്തി യേശുക്രിസ്തുവിനെ കൂടുതൽ ആരാധിക്കു വാനും സ്നേഹിക്കുവാനും കഴിവുള്ളവനായി മാറുന്നു .

ഈശോ നടന്ന വഴിയേ നടക്കുവാൻ എന്നെ പഠിപ്പിച്ചത് പരിശുദ്ധ അമ്മയുടെ ജപ മാലയാണ്. ഞങ്ങളുടെ ജീവിതത്തിൽ നേരിടേ ണ്ടിവന്ന വിഷമഘട്ടങ്ങളെ പരിശുദ്ധ ജപമാല യിലൂടെയാണ് പരിഹരിച്ചത്.

ജപമാല പ്രാർത്ഥനയിലൂടെ ഏത് പ്രതിസന്ധിയെയും നമുക്ക് നേരിടുവാനും അതി ലെ ഓരോ രഹസ്യവും വളരെ വിശ്വാസത്തോടെ ചൊല്ലുവാനും അങ്ങനെ എന്റെ അമ്മയോട് അനു ദിനം അടുക്കുവാനുള്ള അനുഗ്രഹമാണ് നമുക്ക് ലഭിക്കുന്നത്. ആവേമരിയ



അന്ന റോസ്

# വിശുദ്ധ കുർബ്ബാന എന്റെ ജീവിതത്തിൽ

വിശുദ്ധ കുർബാന യേശുവിന്റെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും കരുണയുടെയും സാന്നിധ്യമാണ്.

എന്റെ ജീവിതത്തിൽ യേശുവിനെക്കുറിച്ച് കൂടുതലായി അറിയുവാനും യേശുവിന്റെ സാന്നിധ്യം തിരിച്ചറിയാനും യേശുവിനെ കൂടുതലായി സ്നേഹിക്കുവാനും എന്നെ സഹായിച്ച ഉജ്ജ്വല ഭരിതമായ നിമിഷമാണ് വിശുദ്ധ കുർബ്ബാന. ഞാൻ വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ നേരത്തെ പോകുന്നത് കുറച്ചു നിമിഷം തനിച്ചിരുന്ന് യേശുവിനോട് സംസാരിക്കുന്നതിനാണ്. അതിലൂടെ യേശു എനിക്ക് ധാരാളം വഴികൾ കാണിച്ചു തരുമായിരുന്നു. പാപങ്ങളെല്ലാം ഓർത്തുപറഞ്ഞ് കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരണസമയത്ത് യേശുവിനെ സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ഒരാ

ത്മീയ ചൈതന്യം എന്റെമേൽ വരുന്നതായി എനിക്ക് പല നിമിഷങ്ങളിലും അനുഭവപ്പെട്ടിട്ടുണ്ട്. സ്തോത്രയാഗകർമ്മത്തിന്റെ സമയത്ത് അച്ചൻ ഉയർത്തുന്ന അപ്പത്തിലും വീഞ്ഞിലും നോക്കി എന്റെ വിഷമങ്ങളും ദു:ഖങ്ങളും ആകുലതകളും യേശുവിനോട് പങ്കുവെയ്ക്കുമ്പോൾ അപ്പത്തിൽ കർത്താവിന്റെ ക്രൂശിത രൂപം തെളിഞ്ഞു നിൽക്കുന്നതായും യേശുവിന്റെ മുഖത്തിൽ നോക്കുമ്പോൾ രക്തം ഒഴുകുന്നതായും എനിക്ക് എന്റെ നപൊന്നീശോ കാണിച്ചു തന്നിട്ടുണ്ട്. എന്നെ ഈശോ ആകാംക്ഷാഭരിതമായ ഇത്രയും മുഹൂർത്തങ്ങൾ കുർബാന മധ്യേ കാണിക്കുമ്പോൾ മിക്കപ്പോഴും ഞാൻ പൊട്ടിക്കരഞ്ഞിട്ടുണ്ട്. അതോടൊപ്പം സന്തോഷിക്കുകയും ചെയ്തിട്ടുണ്ട്. യേശുവിന്റെ മുഖത്തിൽ നോക്കുമ്പോൾ എന്റെ വിഷമങ്ങളും ദു:ഖങ്ങളും യേശു ഏറ്റെടു ത്തതായി എനിക്കനുഭവപ്പെട്ടിട്ടുണ്ട്. ഈ ദിവ്യകാരുണ്യ അനുഭവങ്ങൾ ഞാൻ ഭവനത്തിലുള്ളവരുമായി പങ്കുവെയ്ക്കാറുണ്ട്. യേശുവിന്റെ കരുണയുടെ രൂപവും ഈശോ കാണിച്ചുതന്നിട്ടുണ്ട്. വിശുദ്ധ കുർബാനയിൽ എന്റെ ജീവിതത്തിൽ കഴിഞ്ഞ പത്താം ക്ലാസ്സിന്റെ വിജയത്തിനു പിന്നിലും അപ്പത്തിന്റെ രൂപത്തിലെ യേശുവിന് വലിയ പങ്കുണ്ട്. ഞാൻ എന്തു സന്തോഷവും സങ്കടവും വിശുദ്ധ കുർബാനയിൽ യേശുവിനോട് പറയാറുണ്ട്. യേശു അതിനൊക്കെ ദിവ്യബലിയിൽ ഉത്തരവും നൽകാറുണ്ട്. എന്റെ ജീവിതത്തിൽ ഇന്നേവരെ നടന്നുകൊണ്ടിരിക്കുന്ന പല നിമിഷങ്ങളിലും പഠനത്തോടൊപ്പം വിശുദ്ധ കുർബാനയ്ക്ക് വലിയ പങ്കുണ്ട്. കാര്യം സാധിക്കാൻ മാത്രമല്ല ഞാൻ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നത്,യേശുവിനെ കൂടുതലായി അറിയുവാനും അവിടുത്തെ സാന്നിധ്യം തിരിച്ചറിയാനും കൂടിയാണ്. ഞാൻ യേശുവിനാണ് കൂടുതൽ എല്ലാത്തിനെക്കാളും പ്രാധാന്യം നൽകുന്നത്.അതിനുദാഹരണമാണ് എന്റെ ഇതേ



വരെയുള്ള ജീവിതം.വിശുദ്ധകുർബാനയിൽ പങ്കെടുത്തു കഴിയുമ്പോൾ ഒരാത്മീയ ഉണർവാണ് എനിക്ക് ലഭിക്കുന്നത്.വിശുദ്ധകുർബാന എന്റെ ജീവിതത്തെയും കുടുംബത്തെയും മാറ്റിമറിച്ച ഒന്നാണ്.ഈ അനുഭവം വായിക്കുന്ന എല്ലാവർക്കും ഇതൊരു മാതൃകയാവട്ടെയെന്നും യേശു വിശുദ്ധ കുർബാന യിലൂടെ നിങ്ങളെ ഓരോരുത്തരെയും കഴുകി വിശുദ്ധീകരിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

വിശുദ്ധ കുർബാന അനുഭവ മുഹൂർത്തമായി എല്ലാവരുടേയും ജീവിതത്തെ സ്പർശിക്കട്ടെ.

യേശുവേ സ്തോത്രം,യേശുവേ നന്ദി.

ടോണി അച്ചൻ



# ബസിലിക്കയുടെ ചരിത്രം

പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലെ പ്രദേശങ്ങളിൽ ഒന്നായ മുത്തേടത്ത് രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു അർത്തുങ്കൽ. അർത്തുങ്കലിന് എങ്ങനെ ആ പേര് ലഭിച്ചു എന്നതിനെക്കുറിച്ച് ചരിത്രകാരന്മാർ വ്യത്യസ്തമായി അഭിപ്രായപ്പെടുന്നു.

അവയിലൊന്ന്, അത് അക്കാലത്തെ സ്ഥലനാമമായ ആർത്തിക്കുളങ്ങരയിൽ നിന്ന് പരിണമിച്ചു എന്നതാണ്. അർത്തിക്കുളങ്ങര, കാലക്രമേണ ആർത്തിക്കുളങ്ങൽ ആയി മാറി, പിന്നീട് അർത്തുങ്കലായി.

ചരിത്രകാരനായ ജോർജ്ജ് ഷുർഹമ്മറിന്റെ അഭിപ്രായത്തിൽ, മുത്തേടത്തിന്റെ തലസ്ഥാനം മുത്തേടത്തുങ്കൽ (മുത്തേടത്ത്) എന്നാണ് അറിയപ്പെട്ടിരുന്നത്, അത് എടത്തുങ്കൽ എന്നും പിന്നീട് അർത്തുങ്കൽ എന്നും മാറി. വാസ്കോഡ ഗാമയുടെ വരവിനെ തുടർന്ന് പോർച്ചുഗീസ് മിഷനറിമാർ കേരളത്തിൽ ഇറങ്ങി. അവർ മുത്തേടത്ത് സന്ദർശിക്കുകയും ധാരാളം സെന്റ് തോമസ് ക്രിസ്ത്യാനികളെ ഇവിടെ കണ്ടെത്തുകയും ചെയ്തു.

അവർ സ്നാനമേറ്റിട്ടില്ല, പക്ഷേ അവരുടെ പൂർവ്വികർ ചെയ്തിരുന്നു. ജെസ്യൂട്ട് മിഷനറിമാർ അവരുടെ ദൗത്യം മുത്തേടത്തും ഇളയിടത്തും (അയൽ രാജ്യം) ആരംഭിച്ചു. 1579 AD ൽ, ഗോവയിൽ നിന്നുള്ള ജെസ്യൂട്ട് പുരോഹിതൻ മാനുവൽ ടെക്സീറ കൊച്ചിയിൽ നിന്ന് കൊല്ലത്തേക്ക് (ക്വിലോൺ) പോകുന്ന വഴി അർത്തുങ്കൽ സന്ദർശിച്ചു. ക്രിസ്ത്യാനികളുടെ അഭ്യർത്ഥനപ്രകാരം, 1581 ൽ അവരുടെ ആത്മീയ സേവനങ്ങൾക്കായി അർത്തുങ്കലിൽ ഫാ. ഗാസ്പർ പയസിനെ നിയമിക്കാൻ അദ്ദേഹം തീരുമാനിച്ചു.

1560 AD മുതൽ, ക്രിസ്ത്യാനികളും മിഷനറിമാരും മുത്തേടത്ത് രാജാവിനോട് ഒരു



ദൈവാലയത്തിന്റെ അനുമതിക്കായി അഭ്യർത്ഥിക്കുന്നു, എന്നിരുന്നാലും രാജാവ് കൂടുതൽ ശ്രദ്ധിച്ചില്ല. എന്നാൽ ക്രിസ്ത്യാനികളിൽ നിന്ന് തുടർച്ചയായ അഭ്യർത്ഥനയുണ്ടായതിനെത്തുടർന്ന്, മിഷനറിമാരിൽ നിന്ന് രാജാവിനുള്ള സഹായങ്ങൾ പരിഗണിച്ചുകൊണ്ട്, മരവും തെങ്ങുകളും ഉപയോഗിച്ച് ഒരു പള്ളി പണിയാൻ അദ്ദേഹം 1581 നവംബറിൽ അനുമതി നൽകി. ഇതിനായി അദ്ദേഹം തന്റെ പരിസരത്ത് നിന്ന് ഏതാനും മരങ്ങളും അനുവദിച്ചു.

ക്രിസ്ത്യാനികൾ ഒരു മരക്കുരിശ് സ്ഥാപിക്കുകയും രാജാവ് അനുമതി നൽകിയ ഒരു പള്ളി, പ്രാദേശിക ഹിന്ദുക്കളുടെ സഹകരണത്തോടെ നിർമ്മിക്കുകയും ചെയ്തു. നവംബർ 30 ന് വിശുദ്ധ ആൻഡ്രൂ അപ്പോസ്തലന്റെ നാമത്തിൽ പള്ളി സമർപ്പിക്കപ്പെട്ടു. ആദ്യത്തെ വികാരി ഫാ. ഗാസ്പർ പയസ് എസ്. ജെ. പണി പൂർത്തിയായപ്പോൾ, മുത്തേടത്ത് രാജാവ് പള്ളി സന്ദർശിക്കാൻ വന്നു, പള്ളിയെ ദൈവാലയമായി നിലനിർത്താൻ വികാരിയോട് ആവശ്യപ്പെട്ടു. അന്നുമുതൽ, അയൽ പ്രദേശങ്ങളിൽ നിന്നുള്ള നിരവധി ഹിന്ദുക്കൾ പള്ളിയിൽ വന്ന് സെന്റ് ആൻഡ്രൂവിനോട് പ്രാർത്ഥിക്കുകയും അവരുടെ അപേക്ഷകൾ നിറവേറ്റുകയും ചെയ്തു.

1582 നവംബറിൽ ഫാ. ഗാസ്പർ പയസ് കഠിനാധ്വാനം, ചൂടുള്ള കാലാവസ്ഥ, പോഷകാഹാരക്കുറവ് എന്നിവ മൂലം മരിച്ചു. മറ്റൊരു ജെസ്യൂട്ട് പുരോഹിതൻ പള്ളിയുടെ ചുമതല ഏറ്റെടുത്തെങ്കിലും കൊച്ചിയിൽ താമസിച്ചു. 1583 നവംബർ 30 ന് സെന്റ് ആൻഡ്രൂവിന്റെ തിരുനാൾ ദിനത്തിൽ 500 സെന്റ് തോമസ് ക്രിസ്ത്യാനികൾ സ്നാനമേറ്റു. അവർ പിന്നീട് അഞ്ഞൂറ്റിക്കാർ (അഞ്ഞൂറ് ആളുകൾ) എന്നറിയപ്പെട്ടു.

മുത്തേടത്ത് രാജാവിന്റെ സാന്നിധ്യത്തിൽ, ഒരു ദിവസം തന്റെ 20 സൈനികരോടൊപ്പം ഒരു നായർ, ക്രിസ്ത്യൻ മതം സ്വീകരിച്ചു. 1584 ൽ, ഫാ.ജെക്കോമോ ഫെനിഷ്യോ എസ്.ജെ. അർത്തുങ്കൽ വികാരിയായി നിയമിതനായി. രാജാവിന്റെ അനുമതിയോടെ കല്ലിലും ചുണ്ണാമ്പിലും ഒരു പുതിയ പള്ളിയുടെ നിർമ്മാണം അദ്ദേഹം ആരംഭിച്ചു, അത് 7 വർഷത്തിനുള്ളിൽ പൂർത്തിയാക്കി. ഫാ. ഫെനിഷ്യോയെ കോഴിക്കോട്ടേക്ക് മാറ്റിയ ശേഷം, എട്ട് വൈദികർ തുടർച്ചയായി ചുമതലയേറ്റു. 1619 ൽ ഫാ. ഫെനിഷ്യോ വീണ്ടും നിയമിക്കപ്പെട്ടു, അടുത്ത വർഷം അദ്ദേഹം പള്ളി പുനർനിർമ്മിച്ചു.

അദ്ദേഹം വളരെ സ്നേഹിക്കപ്പെടുകയും ജനങ്ങളും ഭരണാധികാരികളും ഒരു വിശുദ്ധ മനുഷ്യനായി കണക്കാക്കുകയും ചെയ്തു. ആളുകൾ അദ്ദേഹത്തെ വിശുദ്ധൻ എന്നും വെളുത്ത പിതാവ് എന്നർത്ഥമുള്ള വെളുത്തച്ചൻ എന്നും വിളിച്ചിരുന്നു. വെളുത്തച്ചൻ പിന്നീട് സെന്റ് സെബാസ്റ്റ്യന്റെ ജനപ്രിയ നാമമായി മാറി. ഫാ. ഫെനിഷ്യോ ജീവിച്ചിരിക്കുമ്പോൾ ഒരു പാട് അത്ഭുതങ്ങൾ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞു. ഹിന്ദുക്കൾ പോലും അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ശക്തിയിൽ വിശ്വസിക്കുകയും അനുഗ്രഹത്തിനായി അദ്ദേഹത്തെ സമീപിക്കുകയും ചെയ്തു. കിഴക്കിന്റെ രണ്ടാമത്തെ അപ്പോസ്തലനായി അറിയപ്പെട്ടിരുന്ന അദ്ദേഹം 1632 ൽ മരിച്ചു.


അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിക്കാൻ രാജാക്കന്മാരുൾപ്പെടെയുള്ള ജനക്കൂട്ടം ഒഴുകിയെത്തി. അദ്ദേഹത്തിന്റെ ശരീരം പള്ളിക്കുള്ളിൽ അടക്കം ചെയ്തു, അവിടെ ആളുകൾ പ്രാർത്ഥിക്കുകയും മെഴുകുതിരി കത്തിക്കുകയും ചെയ്തു. ശവകുടീരം ഇപ്പോഴും പഴയ പള്ളിയുടെ അൾത്താരയ്ക്ക് സമീപം സംരക്ഷിക്കപ്പെടുന്നു.



ഫാ.ഫെനിസിയോയ്ക്ക് ശേഷം ചുമതലയേറ്റ ഫാ.ഫോൺസാക്കോ 1640 ൽ പടിഞ്ഞാറോട്ട് ഉയർന്ന് പള്ളി പുനർനിർമ്മിച്ചു. അദ്ദേഹത്തിന്റെ കാലത്താണ് വിശുദ്ധ സെബാസ്റ്റ്യന്റെ പ്രതിമ മിലാനിൽ നിന്ന് എത്തിച്ചേർന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, പള്ളി കർമ്മലീത്ത മിഷനറിമാർ ഏറ്റെടുത്തു. അവരുടെ സേവനത്തിനിടയിൽ അല്ലെങ്കിൽ 1829 നവംബർ 29 ന്, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിനെ അർത്തുങ്കൽ പള്ളിയിൽ താമസിച്ചിരുന്ന അന്നത്തെ വരാപ്പോളി ബിഷപ്പായിരുന്ന റൈറ്റ്. റവ.ഡോ.സ്റ്റാബിലിനി നിയോഗിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ, അർത്തുങ്കൽ പള്ളിയുടെ ചുമതല വഹിക്കുന്ന ആദ്യത്തെ പ്രാദേശിക പുരോഹിതനാകാൻ ഫാ.ഗാസ്പെർ ബൈലോൺ ഡി മരിയറ്റോറിസ് കൈതവളപ്പിൽ വികാരിയായി നിയമിതനായി, അർത്തുങ്കൽ പള്ളിയുടെ ചുമതല വഹിക്കുന്ന ആദ്യത്തെ പ്രാദേശിക പുരോഹിതനായി. 1910 ൽ ഫാ. വിൻസെന്റ് ദാസ് നാവിസിന്റെ വികാരിഷിപ്പിന്റെ സമയത്ത്, ഇപ്പോഴത്തെ പുതിയപള്ളിക്കുള്ള തറക്കല്ലിടൽ നടന്നു. 1967 സെപ്റ്റംബർ 24 ന് പുതിയ പള്ളി അശീർവദിക്കപ്പെട്ടു. ഇപ്പോഴും അർത്തുങ്കലിന്റെ അനുഗ്രഹമായി ഈ ദൈവാലയം നിലകൊള്ളുന്നു.

**സൺഫിയ**




# ടോട്ട ചാൻ

ബാലസാഹിത്യത്തിലെ ലോകത്തെ എക്കാലത്തെയും മികച്ച ക്ലാസ്സിക് കൃതികളിലൊന്നാണ് ടോട്ടോചാൻ . ജാപ്പനീസ് എഴുത്തുകാരിയായ തെത്സുകൊ കുറെയാനകി യുടെ തൂലികയിൽ നിന്നും പിറവിയെടുത്ത ടോട്ടോ എന്ന പെൺകുട്ടിയും അവളുടെ ടോമോ ഗാക്വൻ എന്ന സ്കൂളും അതിലെ അധ്യാപകരും സുഹൃത്തുക്കളും ഇന്ന് ലോകമെമ്പാടുമുള്ള കുട്ടികളുടെ മനസ്സിൽ ഇടം നേടിയവർ ആണ്. വളരെ ചെറിയ ക്ലാസിൽ വച്ച് തന്നെ വികൃതി മൂലം ടോട്ടോയെ അവൾ പഠിക്കുന്ന സ്കൂളിൽ നിന്ന് പുറത്താക്കുന്നു. അവിടെ നിന്ന് അവളെ അമ്മ കൊണ്ടുപോകുന്നത് കൊബായാഷി മാസ്റ്ററിന്റെ ടോമോ ഗാക്വൻ എന്നാ സ്കൂളിലേക്ക് ആണ്. തീവി ബോഗികൾ കൊണ്ടുള്ള ആ ക്ലാസ് റൂമും പുതിയ സ്കൂളിലെ അന്തരീക്ഷവും ടോട്ടോയ്ക്ക് ഒരുപാട് ഇഷ്ടമാകുന്നു.

തന്റെ വാതോരാതെ ഉള്ള സംസാരം തെല്ലും മടുക്കാതെ കേട്ടിരിക്കുന്ന കൊബായാഷി മാസ്റ്ററെയും പുതിയ പറയും അവൾക്ക് ഒരു

പാട് ഇഷ്ടമായി. നീരുറവയിലെ പാചകവും.. നവംബറിലെ കായികമേളയും നീന്തൽകുളത്തിലെ പഠങ്ങളും അവൾക്ക് ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങൾ ആയി മാറുന്നു.

ടോട്ടോചാൻ ഒരു ബാലസാഹിത്യകൃതി ആണെങ്കിൽ കൂടി ബാല്യത്തിന്റെ ജിജ്ഞാസകളും കുസൃതികളും കളിചിരികളും ഒത്തുചേരുന്ന ഈ കൃതി വായനക്കാരിൽ ബാല്യകാല സ്മരണകൾ ഉണർത്തുന്നു. മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം ഇത് ഹൃദ്യമായ ഭാഷയിൽ രചിക്കപ്പെട്ട ഒരു പാരന്റിംഗ് ഗൈഡ് എന്ന് വേണമെങ്കിൽ പറയാം.ടോട്ടോയുടെ കുസൃതികൾക്കും കുറുമ്പുകൾക്കും ചെവികൊടുത്തു അവളുടെ വാസനകളും താൽപര്യങ്ങൾക്കും അതിന്റേതായ പ്രാധാന്യം നൽകി അവളെ അവളായി വളർത്തുന്ന മാതാപിതാക്കൾ നൽകുന്ന പാഠം വലുതാണ്.


ടോമോ എന്ന വിദ്യാലയത്തെ കുറിച്ചും അതിലെ ഓരോ അധ്യാപകരെ കുറിച്ചും എടുത്തുപറയേണ്ടതാണ്. കുട്ടികൾ തമ്മിൽ ആൺ പെൺ വ്യത്യാസമോ മറ്റ് തരത്തിലുള്ള വിവേചനങ്ങളും ഇല്ലാതെ എല്ലാവർക്കും ഒരു പോലെതന്റെതായ ഇടം ടോമോയിൽ ലഭിക്കുന്നുെന്ന് അവർ ഉറപ്പാക്കുന്നു. പാഠപുസ്തകത്തിന് പുറത്തേക്ക് നല്ല മനുഷ്യരായി വളരാൻ, നന്മയുടെയും ദയയുടെയും പ്രകൃതി സ്നേഹത്തിന്റെയും പരസ്പരമുള്ള കരുതലിന്റെയും പാഠങ്ങൾ കുട്ടികൾ ടോമോയിൽ നിന്ന് പഠിക്കുന്നു. പുസ്തകത്തിൽനിന്ന് അല്ല ഹൃദയത്തിൽ നിന്ന് പഠിപ്പിക്കുന്നവരാണ് യഥാർത്ഥ അധ്യാപകർ എന്ന വാക്കുകൾ സാർത്ഥകം ആക്കുകയാണ് കൊബായഷി മാസ്റ്റർ.

ഇന്നത്തെ കുട്ടികളാണ് നാളത്തെ തലമുറയും പൗരന്മാരും. അവരുടെ സമഗ്രമായ വളർച്ചയിൽ മൂല്യബോധങ്ങളും, സഹജീവി സ്നേഹവും, സ്വയം വളരുന്നതിനോടൊപ്പം മറ്റുള്ളവരെയും കൂടി വളർത്താനുള്ള വാസനയും ടോമോ കുട്ടികളിൽ പകർന്നു കൊടുക്കുന്നു.

VOX SANT' ANDREA

Contact Details

St. Andrew's Basilica, Arthunkal,
Arthunkal P.O., Cherthala,
Alappuzha - 688530
Kerala. Ph: 9400152374
E-mail: arthunkalbasilica2010@gmail.com
Youtube: Arthunkal Basilica
www.arthunkalbasilica.com



ജെഫി അലോഷ്യസ്

# വിദ്യാഭ്യാസത്തിൽ വിനോദയാത്രകളുടെ പങ്ക്

സ്കൂൾ വിദ്യാഭ്യാസത്തിന്റെ മാത്രമല്ല, സകല വിദ്യാഭ്യാസത്തിന്റെയും പ്രാഥമിക ലക്ഷ്യമെന്നുപറയുന്നത്, വിദ്യാർഥികൾക്ക് അറിവ് പകരുക എന്നതാണ്. അവരുടെ മനസ്സിൽ വസ്തുതകളും ഫോർമുലകളും മാത്രം കുത്തിനിറയ്ക്കുന്നത് ഒരിക്കലും ഗുണമേന്മയുള്ള വിദ്യാഭ്യാസം ആകുന്നില്ല. തലച്ചോറിന് ഭാരം നൽകുന്നത് മാത്രമാകരുത് വിദ്യാഭ്യാസം. അത് മനസ്സിന് ശിക്ഷണം നൽകുന്നത് കൂടിയാവണം. ഇന്നത്തെ വിദ്യാഭ്യാസം ജീവിതം പഠിപ്പിക്കുന്നതിനു പകരം സമൂഹത്തിന്റെ നടത്തിപ്പിനാവശ്യമായ ഡോക്ടർമാർ, എൻജിനീയർമാർ, അഭിഭാഷകർ തുടങ്ങിയവരെ ഒരുക്കിയെടുക്കുക എന്നതാണ്. അറിവ് ഉണ്ടാകുന്നതോടൊപ്പം മനുഷ്യത്വവും സംസ്കാരവും ചോർന്നുപോകാതെ നോക്കേണ്ടിയിരിക്കുന്നു. സംസ്കാരമെന്നത് രക്തത്തിൽ അലിഞ്ഞു ചേരുന്നതാകണം.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ സ്വന്തം വരുമാനംകൊണ്ട് തുടർവിദ്യാഭ്യാസം നടത്താൻ കഴിയുന്ന സാമൂഹികമായ ഒരു മാറ്റം കൂടി നമുക്കാവശ്യമാണ്. പഠിപ്പിക്കുമ്പോൾ അധ്യാപകൻ വ്യക്തിത്വം കൂടിയാണ് ശിഷ്യരിലേക്ക് പകരുന്നത്. വെറും നിർദ്ദേശത്തിന് അധ്യാപകന്റെ ആവശ്യമില്ല. അതിന് പുസ്തകങ്ങൾ, പത്രങ്ങൾ തുടങ്ങിയ മറ്റു പല മാധ്യമങ്ങളുണ്ട്. ഒരു ഉപകരണത്തിൽ നിന്നോ വ്യക്തിയിൽ നിന്നോ വിവരങ്ങളും ആശയങ്ങളും മറ്റൊരാളിലേക്ക് എത്തിച്ചു കൊടുക്കൽ മാത്രമല്ലിത്. അത് ഒരുവൻ സ്വയം നേടിയെടുക്കേതാണ്. ഇവിടെയാണ് വിനോദയാത്രകൾക്ക് പ്രസക്തിയേറുന്നത്. കേവലം നാല് ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന യാദൃശ്ചികമായ ഒരു അനുഭവം മാത്രമായി പഠനം മാറരുത്. വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന വിനോദയാത്രകൾ, കുട്ടികൾക്ക് പഠന മികവുകളേക്കാളുപരി മാനസിക ഉല്ലാസവും

നൽകുന്നുണ്ട്. കുട്ടികൾക്കിടയിൽ നേതൃത്വഗുണവും, സംഘാടനമികവും, ഒത്തൊരുമയും, എല്ലാം പങ്കുവയ്ക്കാനുള്ള കഴിവും ഇതിലൂടെ ലഭിക്കുന്നു. കാലത്തിനൊപ്പം നീങ്ങുവാനുള്ള യഥാർഥമായ ഒരു പരിശീലനവും ഇതുവഴി അവർക്ക് സാധ്യമാകുന്നു. നമുക്ക് ചുറ്റുമുള്ള പ്രദേശങ്ങളെക്കുറിച്ച് അടുത്ത് അറിയുവാനും വ്യത്യസ്തങ്ങളായ ഭാഷ, കാഴ്ചകൾ, സംസ്കാരം എന്നിവ മനസ്സിലാക്കുവാനുമെല്ലാം സാധിക്കും. വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചിട്ടയായ രീതിയിലുള്ള നടത്തിപ്പിന് വിനോദയാത്രകൾ വലിയ പങ്കാണ് വഹിക്കുന്നത്.

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ പുറത്തു കൊണ്ടുവരുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയാണ് വിനോദയാത്രകളിൽ മുഴുകുന്നത്. വിരസമായ പഠനരീതികൾ പലപ്പോഴും കുട്ടികൾക്ക് മാനസിക പിരിമുറുക്കം മാത്രമാണ് സമ്മാനിക്കുന്നത്. അതിൽ നിന്നൊക്കെ പുറത്തു കടക്കുവാനും മനസ്സ് ശാന്തമാക്കുവാനും ഇവ കുട്ടികളെ സഹായിക്കുന്നു. പേര് സൂചിപ്പിക്കുന്ന പോലെതന്നെ വിനോദത്തോടൊപ്പം വ്യത്യസ്തങ്ങളായ നിരവധി പഠനാനുഭവങ്ങളും ഇത് നമുക്ക് നേടിത്തരുന്നുണ്ട്. ഇന്നത്തെ തിരക്കുപിടിച്ച ജീവിത രീതിയിൽ ഇത്തരം യാത്രകൾക്ക് ഒരു മുഖ്യ സ്ഥാനം തന്നെയുണ്ട് എന്നു പറയാതെവയ്യ. കാര്യങ്ങൾ കാണാപ്പാഠം പഠിക്കാതെ, മനസ്സിലാക്കി പഠിക്കാനുള്ള ശേഷി ഇതിൽനിന്ന് ലഭിക്കുന്നുണ്ട്.

പരമ്പരാഗതമായ ക്ലാസ്റൂം പഠനരീതികളിൽനിന്നും, എല്ലാത്തരത്തിലും കളിയും ചിരിയും നിറയുന്നതും വിജ്ഞാനപ്രദവുമായ ഇത്തരം വിനോദയാത്രകൾ കുട്ടികളുടെ പിരിമുറക്കം കുറയ്ക്കുന്നതിനോടൊപ്പം ഉല്ലസിച്ച് ജീവിതം മുഴുവൻ ആനന്ദമാക്കുവാനുള്ള ശേഷി കൂടി നൽകുന്നുണ്ട്. വിനോദയാത്രകൾ കൂടാതെ



യുള്ള വിരസമായ പഠനം മാത്രമായിരുന്നെങ്കിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഒരുപടി കൂടി കുറയുമെന്നതിൽ സംശയം വേണ്ട. പുതിയ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന ഈ മാറിയ കാലഘട്ടത്തിൽ വിനോദയാത്രകൾ കൂടിയേതീരൂ. അറിവ് നേടാനും, അതോടൊപ്പം കളിചിരികളിലൂടെ പഠിക്കാനും, പങ്കുവെച്ച് കാര്യങ്ങൾ മനസ്സിലാക്കാനും, മനസിന് ശാന്തി ലഭിക്കാനും, അതുവഴി പ്രതിസന്ധികളെ അതിജീവിക്കാനും, ഇത്തരം യാത്രകൾ നമ്മെ സഹായിക്കും.

# ദൈവം



പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ തോമസ് എന്നുപേരായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. ഒരിക്കൽ ആ ഗ്രാമത്തിൽ ഒരു പണ്ഡിതനായ വൈദികൻ എത്തി. അപ്പോൾ ആ നിഷ്കളങ്കനായ ഗ്രാമീണൻ ഇപ്രകാരം പറഞ്ഞു.

' ഗുരോ അങ്ങ് വലിയ ജ്ഞാനിയാണല്ലോ. എനിക്ക് ദൈവത്തെ കുറിച്ച് അറിയാൻ ആഗ്രഹമുണ്ട് പറഞ്ഞുതന്നാലും'. ദൈവത്തെ ഹൃദയംഗമമായി സ്നേഹിക്കുക എന്നതായിരുന്നു വൈദികന്റെ ഉപദേശം.

' ഒരിക്കലും കിട്ടില്ലാത്ത ഈശ്വരനെ ഞാൻ എങ്ങനെ സ്നേഹിക്കാനാണ് ' ?

തോമസ് വൈദികനോട് ചോദിച്ചു.

'വീട്ടിൽ ആരൊക്കെയുണ്ട് പുരോഹിതൻ ചോദിച്ചു. എനിക്കാരുമില്ല, ഗുരോ. ഭാര്യയും മക്കളുമൊന്നുമില്ല. ഒരാടുമാത്രമാണെനിക്കുള്ളത്. അതാണെന്റെ ആകെ സമ്പാദ്യം. അയാൾ പറഞ്ഞു. 'അങ്ങനെയെങ്കിൽ ആ ആടിനെ വേവിധം പരിചരിക്കുകയും സ്നേഹിക്കുകയും ചെയ്യുക. ഈശ്വരൻ ആ ജീവിയിലും വസിക്കുന്നുണ്ട് ' വൈദീകൻ പറഞ്ഞു. തോമസിനു സന്തോഷമായി.

കാലം കടന്നു പോയി. ഒരിക്കൽക്കൂടി ആ പുരോഹിതൻ ആ ഗ്രാമത്തിലെത്തി. വൈദീകൻ തോമസിനെ വീണ്ടും കണ്ടുമുട്ടി. അപ്പോൾ അയാൾ സന്തോഷത്തോടെ പറഞ്ഞു. അങ്ങയുടെ ഉപദേശം പിന്തുടർന്ന ഞാനിപ്പോൾ സന്തുഷ്ടനാണ്. എന്റെ ആടിനെ മാത്രമല്ല, സകലചരാചരങ്ങളിലും എനിക്കിപ്പോൾ ഈശ്വരനെ കാണാൻ കഴിയുന്നുണ്ട്. സകലതിനെയും സ്നേഹിക്കാനും എനിക്ക് സാധിക്കുന്നു.

ഇത് ഒരു വലിയ പാഠമാണ്.

ഈശ്വരനെ തേടി നാം എങ്ങും അലയേതില്ല. നമുക്കു ചുറ്റും കാണുന്നതിലെല്ലാം ഈശ്വരചൈതന്യം നിറഞ്ഞു നിൽക്കുന്നു .

അനീറ്റ രാജു
പൊള്ളയിൽ

# അർത്തുങ്കൽ വലിയ പള്ളിക്ക് 55 വയസ് പൂർത്തിയായി

കെഫിൻ

1967 സെപ്റ്റംബർ 24ന് ആലപ്പുഴ രൂപതയുടെ പ്രഥമ മെത്രാനായ അഭിവന്ദ്യ മൈക്കൾ ആറാട്ടുകുളമാണ് അർത്തുങ്കലെ പുതിയ പള്ളി ആശിർവദിച്ചത്. അർത്തുങ്കലെ പുതിയ പള്ളിയുടെ ചരിത്രം ആരംഭിക്കുന്നത് 1914 ൽ ആണ്. അന്ന് പള്ളി വികാരിയായിരുന്ന ഫാ. വിൻസന്റ് ദസ് നേവീസ് ആറാട്ടുകുളങ്ങര ഇടവക പൊതുയോഗം വിളിച്ചുകൂട്ടി, ഒരു വലിയ പള്ളി പണിയുന്നതിനേക്കുറിച്ച് ആലോചിച്ചു. ഇടവകക്കാർ അനുകൂലിച്ചതിനെ തുടർന്ന് പള്ളി പണിയുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങി. കരിങ്കല്ലുകളും മറ്റ് സാമഗ്രികളും പള്ളിയുടെ സമീപത്ത് എത്തിക്കുന്നതിനു വേണ്ടി നാനാട്ട് ചിറക്കൽ നിന്നും പള്ളിക്കു സമീപം വരെ പുതിയ ഒരു തോട് വെട്ടിച്ചു.

1915 ഫെബ്രുവരി 14 ഞായറാ ഴ്ച വൈകുന്നേരം പഴയ പള്ളിയുടെ മുൻവശത്തായി അടിത്തറ കൊച്ചി മെത്രാൻ റൈറ്റ്.റവ.ഡോ. ജോസ് ബെന്റോ മാർട്ടിൻ റിബെയ്റോ ആശിർവദിച്ചു, പഴയ പള്ളിയുടെ മണിമാളികയുടെ മുൻവശത്തായി അടിസ്ഥാന ശില സ്ഥാപിച്ചു. തുടർന്ന് ഫാ. വിൻസന്റ് ദസ് നേവീസ് വാർദ്ധക്യം മൂലം വികാരി സ്ഥാനം ഒഴിഞ്ഞു. 1961 വരെ പള്ളിപണി അടിത്തറ ഉയരം വരെ മാത്രം കെട്ടി ഉയർത്തിയ നിലയിലായിരുന്നു. തുടർന്ന് മോൺ.ദാനിയൽ കുരിശിങ്കലിനെ അർത്തുങ്കൽ വികാരിയായി നിയമിതനായി. അർത്തുങ്കൽ പള്ളി ഇടവകക്കാരനായ ഫാ.ദാനിയൽ പുതിയ വികാരിയായതോടെ പള്ളി പണി പുനരാരംഭിച്ചു. അദ്ദേഹം നാഗർകോവിലിൽ നിന്നും വിദഗ്ദ്ധരെ കൽപ്പണിക്ക് കൊണ്ടുവന്നു. അവർ കുടുംബ സമേതം അർത്തുങ്കൽ താമസിച്ചു കൊണ്ട് പള്ളിപണി പൂർത്തിയാക്കി.1967 സെപ്റ്റംബർ 24 ന് ആലപ്പുഴ രൂപതയുടെ പ്രഥമ മെത്രാൻ ഡോ. മൈക്കൾ ആറാട്ടുകുളം തിരുമേനി അർത്തുങ്കൽ പുതിയ ദൈവാലയം ആശിർവദിച്ചുമേയ് 21, 2010 ൽ അർത്തുങ്കൽ പള്ളി ഒരു ബസിലിക്കയായി ഉയർത്തപ്പെട്ടു.വി.സെബസ്ത്യാനോസിന്റെ പേരിൽ പ്രസിദ്ധമായ അർത്തുങ്കൽ പള്ളി, അപ്പോസ്തലനായ വി. അന്ത്രയോസിന്റെ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.



നൈൽ തോമസ്

# പാത്രീസ് കോർദെ

## പിതൃഹൃദയത്തോടെ

ഒൻപതാം പീയൂസ് പാപ്പ 1810 ഡിസംബർ 8 ന് വിശുദ്ധ യൗസേപ്പിതാവിനെ ആഗോള കത്തോലിക്കാ സഭയുടെ മദ്യസ്ഥനായി പ്രഖ്യാപിച്ചതിന്റെ 150–ാം വാർഷിക വേളയിൽ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനാനുസരണം 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 08 വരെ തിരുസഭ വിശുദ്ധ യൗസേപ്പിതാവിനെ പ്രത്യേകമായി ഓർക്കുകയും വിശുദ്ധന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുകയുമാണല്ലോ. ഈ അവസരത്തിൽ ദൈവത്തിന്റെ കണ്ണുകളിൽ ഏറ്റവും വിശ്വസ്തനായ പിതാവിനെക്കുറിച്ച് വിചിന്തനം നടത്തേത് ആവശ്യമായി എനിക്ക് തോന്നി; ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത് (മത്താ 12:34) സാധാരണ മനുഷ്യരിൽ നിന്നും വളരെ വ്യത്യസ്തമായി സകല ഗുണങ്ങളും ഒരുമിച്ച് വി. യൗസേപ്പിതാവിൽ കാണാനാകും. ഒരു അനുസരണമുള്ള പിതാവിനെ, വാത്സല്യവും സ്നേഹവും നിറഞ്ഞ പിതാവിനെ , അസാധാരണവും സർഗ്ഗാത്മകവുമായ ധൈര്യമുള്ള ഒരു പിതാവിനെ എല്ലാറ്റിനെയും അതിന്റെ യാഥാർത്ഥ്യത്തോടെ സ്വീകരിക്കുന്ന, സഹിക്കുന്ന ഒരു പിതാവിനെ, നാം യൗസേപ്പിതാവിൽ കാണുന്നു. രക്ഷാകര ചരിത്രത്തിലെ യൗസേപ്പിതാവിന്റെ സാന്നിധ്യം വളരെ ചുരുക്കം വാക്കുകളിലൂടെ സുവിശേഷന്മാർ വിവരിക്കുകയുള്ളു. എന്നാൽ, നീതിമാനായ പിതാവിന്റെ കറയില്ലാത്ത സ്നേഹവും മാതൃകയുമാണ് ധൂർത്ത പുത്രനെയും സ്നേഹ നിധിയായ പിതാവിന്റെയും ഉപമയിലേയ്ക്ക് യേശുവിനെ നയിച്ചത് എന്നാണ് ഫ്രാൻസിസ് പാപ്പ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ അഭിപ്രായപ്പെടുന്നത്. സുവിശേഷകന്മാരാൽ വളരെ ചുരുക്കം വാക്കുകളാൽ മാത്രം പരാമർശിക്കപ്പെട്ടിട്ടും രക്ഷാകര ചരിത്രത്തിൽ ഒഴിച്ചുകൂടാനാവാത്ത സ്ഥാനം വഹിച്ച വിശുദ്ധ യൗസേപ്പിതാവ്, ഈ കൊറോണ കാലത്ത് ജനങ്ങളെ വളരെയധികം സേവിച്ചിട്ടും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ആരോഗ്യ പ്രവർത്തകർക്ക് വളരെ വലിയ പ്രചോദനമായാണ് നിലകൊള്ളുന്നത്. ഗുപ്തസാന്നിധ്യമായി നിൽക്കുകയും നിഴൽ ജീവിതം നയിക്കുകയും ചെയ്യുന്നവർക്കും വിമോചന ചരിത്രത്തിൽ സമാനതകളില്ലാത്ത സ്ഥാനം വഹിക്കാനാകും എന്ന് യൗസേപ്പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഒരു സ്നേഹ നിധിയാ പിതാവിനെ നമുക്ക് യൗസേപ്പിതാവിൽ കാണാനാകും.

സ്വന്തം ജീവിതവും അതിൻരെ ഫലങ്ങളും പൂർണ്ണമായും തന്റെ കുടുംബത്തിന് സമർപ്പിച്ച ഒരു ഉത്തമനായ പിതാവാണ് വിശുദ്ധ യൗസേപ്പിതാവ്. പിതാവായ ദൈവം പകൽ മേഘ സ്തംഭമായും രാത്രി അഗ്നി സ്തംഭമായും എപ്രകാരമാണോ ഇസ്രായേലിനെ സ്നേഹിച്ചത്, അപ്രകാരം യൗസേപ്പിതാവ് ഈശോയേയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്തു. ദൈവ പിതാവിന്റെ സ്നേഹവും വാത്സല്യവും ഈശോ യൗസേപ്പിതാവിൽ ദർശിച്ചു.

വിശുദ്ധ യൗസേപ്പിതാവിന്റെ ഭയങ്ങളിലും ബലഹീനതകളിൽ പോലും ദൈവത്തിന്റെ പദ്ദതികളാണ് നടപ്പിലായത് " നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതകളിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്. " ( 2 കോറി 12: 9) എന്ന വചനത്തിന്റെ പൊരുൾ നമ്മുക്ക് യൗസേപ്പിതാവിൽ കാണാനാകും. ദൈവത്തിൽ പൂർണ്ണമായും ആത്മാർത്ഥമായും വിശ്വസിച്ചാൽ നമ്മുടെ ബലഹീനതകളിലൂടെയും ദൈവം അത്ഭുതം പ്രവർത്തിക്കുമെന്ന് യൗസേപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു.

ഏത് പ്രസിസന്ധിയുടെ മുന്നിലും ദൈവദൂതൻ സ്വപ്നത്തിലൂടെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്ന അനുസരണമുള്ള പിതാവാണ്. വി. യൗസേപ്പിതാവ്. താനുമായി വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന പെൺകുട്ടിഗർഭിണിയായി കാണപ്പെട്ടിട്ടും അവളെ രഹസ്യമായി.l ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടും സ്വപ്ന ദർശനത്തിലെ ദൂതന്റെ വാക്കുകൾ അനുസരിക്കുന്ന യൗസേപ്പിതാവിനെ നാം സുവിശേഷത്തിൽ കാണുന്നു. ശിശുവിന്റെ ജനന ശേഷം രണ്ടാമത്തെ സ്വപ്നത്തിലൂടെ ദൈവദൂതൻ ഈ ജിപ്തിലേയ്ക്ക് പാലയനം ചെയ്യാൻ പറഞ്ഞപ്പോൾ അതും അക്ഷരം പ്രതി അനുസരിച്ച യൗസേപ്പിതാവിനെ നാം വീണ്ടും കണ്ടുമുട്ടുന്നു. മൂന്നാം സ്വപ്നത്തിൽ ഈ ജിപ്തിൽ നിന്ന് സ്രായേലിലേയ്ക്കും നാലാം സ്വപ്നത്തിൽ ഗലീലി പ്രദേശത്തേക്ക് പോകാനും ലഭിക്കുന്ന അരുളപ്പാടുകളെ യൗസേപ്പിതാവ് അനുസരിക്കുന്നു. ഒരു പിതാവെന്ന നിലയിൽ , അനുസരണമെന്ന ഗുണം യേശുവിനെ തന്റെ ജീവിതത്തിലൂടെ വി. യൗസേപ്പിതാവ് പഠിപ്പിച്ചു. ജീവിതത്തിലെ ഏറ്റവു വലിയ പ്രതിസന്ധി ഘട്ടത്തിലും ഗത്സമേനിയിൽ വെച്ച് സ്വന്തം ഹിതമല്ല, ദൈവപിതാവിന്റെ നിറവേറട്ടെ എന്ന് പറയാൻ യേശുവിന് മാതൃകയായത് വിശുദ്ധ യൗസേപ്പിതാവ് തന്നെയാണെന്ന് നിസ്സംശയം നമുക്ക് ഫറയാനാവും. രക്ഷാകരപദ്ധതിക്കായ് സ്വയം സമർപ്പിക്കവെ, അതിന്റെ യഥാർത്ഥ സേവകനായി വിശുദ്ദ യൗസേപ്പിതാവ് മാറുകയായിരുന്നു.

എല്ലാം സ്പഷ്ഠമാക്കുന്ന ഒരു ആത്മീയപാത എന്നതിലുപരി എല്ലാ ംസ്വീകരിക്കുന്ന ഒരു പാതയാണ് നമുക്ക് യൗസേപ്പിതാവ് കാണിച്ചു തന്നത്. വിശ്വാസം സുഖവും സ്വാസ്ഥ്യവും മാത്രമല്ല. ക്രിസ്തു പഠിപ്പിച്ച വിശ്വാസം വിശുദ്ധ യൗസേപ്പിതാവിൽ നാം കാണുന്നു. സ്വന്തം ജീവിതത്തെ ദൈവ പിതാവിന്റെ ഹിതപ്രകാരം ഒരു സമപർപ്പണമാതൃകയും പ്രചോദനവുമാക്കിമാറ്റുകയും ചെയ്ത യൗസേപ്പിൽ നാം കാണുന്നതാണ് യഥാർത്ഥ വിശ്വാസം .

ഈ ലോകത്തിലെ കോടാനുകോടി ജനങ്ങളിൽ വെച്ച് തന്റെ ഏക പുത്രനെ ഭരമേൽപ്പിക്കാൻ ദൈവം പ്രത്യേകം തിരഞ്ഞെടുത്ത വിശുദ്ധനാണ് യൗസേപ്പ്. പിതാവ ദൈവം തന്റെ ഏക ജാതനെ തനിക്കു സമനായ ഒരു വ്യക്തിയെയാണ് ഏൽപ്പിക്കുന്നത്. അതിനാൽ തന്നെ 'പിതൃഹൃദയത്തോടെ' എന്ന വിശേഷണം യൗസേപ്പിതാവിന് ഏറ്റവും അനുയോജ്യമായതാണ്. ദൈവ പിതാവ് ഇസ്രായേലിനെ തേനും പാലും ഒഴുകുന്ന കാനാനിലേയ്ക്ക് നയിച്ചതുപോലെ നമ്മുടെ ആത്മീയ പിതാവായ യൗസേഫ് നമ്മെയും യേശുവിലൂടെ സ്വർഗ്ഗരാജ്യത്തിലേയ്ക്ക് നയിക്കട്ടെ.

# ജപമാല മാസാചരണം

| Date | Bcc |
|---|---|
| 01-10-2021 | A1,A2,A3 |
| 02-10-2021 | A4,A28, A5 |
| 04-10-2021 | A6,A7,A8 |
| 08-10-2021 | A9,A10,A11 |
| 09-10-2021 | A12,A13,A14 |
| 11-10-2021 | A15,A16,A17 |
| 12-10-2021 | A18,A19 |
| 13-10-2021 | A20,A21 |
| 14-10-2021 | A22,A23 |
| 15-10-2021 | A24, A25 |
| 16-10-2021 | A26, A27 |
| 18-10-2021 | B1,B2 |
| 19-10-2021 | B3,B4 |
| 20-10-2021 | B5,B6 |
| 21-10-2021 | B7,B8 |
| 22-10-2021 | B9,B10 |
| 23-10-2021 | B11, B12 |
| 25-10-2021 | B13, B14 |
| 26-10-2021 | B15,B16 |
| 27-10-2021 | B17,B18 |
| 28-10-2021 | B19,B20, B21 |
| 29-10-2021 | B22, B23,B24 |
| 30-10-2021 | B25,B26,B27 |

BASIC CHRISTIAN COMMUNITIES ✵ DIOCESE OF ALLEPPEY ✵

# സ്നേഹ സമൂഹം

## കുടുംബങ്ങളുടെ കൂട്ടായ്മ

## യൗസേപ്പിതാവിന്റെ വർഷം




**ബുള്ളറ്റിൻ 305** "ആത്മാവിനാൽ പൂർണമായ അറിവിലേക്കു നിങ്ങളെ നയിക്കട്ടെ!" **2021 ഒക്ടോബർ**

### ഒക്ടോബർ മാസത്തെ ചർച്ചയും പ്രവർത്തനങ്ങളും

ആഗോളസഭയിൽ സിനഡിനാരംഭം ഒക്ടോബർ 9
പ്രാദേശീക സഭകളിൽ സിനഡൊരുക്കാരംഭം ഒക്ടോബർ 17
ആലപ്പുഴ രൂപതയിൽ കത്തീഡ്രലിൽ പിതാവ് ആരംഭംകുറിക്കുമ്പോൾ എല്ലാ ഇടവകകളിലുംകൂടി ആരംഭിക്കുന്നു.

**വചനവായനയ്ക്ക് ആമുഖം :** "ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക," ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയും ഉത്തരവാദിത്വവുമായി സുവിശേഷം പങ്കുവയ്ക്കുന്നുണ്ട്. ആഗോളമിഷൻഞായർ ഒക്ടോബർ 24ന്, കോവിഡിന്റെ പശ്ചാത്തലത്തിലും സമുചിതമായി ആഘോഷിക്കാനാണ് അഭിവന്ദ്യപിതാവിന്റെ സ്നേഹപൂർവകമായ ഓർമപ്പെടുത്തൽ. ഫ്രാൻസിസ് പാപ്പയാകട്ടെ ഒക്ടോബർ 9ന് റോമിലും 17ന് ലോകമെമ്പാടുമുള്ള രൂപതകളിലും ആരംഭിക്കേണ്ട സിനഡൊരുക്കത്തെക്കുറിച്ച് ചർച്ചചെയ്യാൻ ആഹ്വാനം ചെയ്യുന്നു. വിശ്വാസം കേൾവിയിലൂടെയും പ്രസംഗത്തിലൂടെയും ശക്തിപ്പെടണമെന്ന വചനത്തിന്റെ പ്രസക്തി മനസ്സിലാകുന്നതിന് തിരുവചനം ശ്രദ്ധാപൂർവം ശ്രവിക്കാം.

**വചന വായന :** റോമാ 10 : 14 – 17 **രണ്ടുപേർ വായിക്കുന്നു. നിശബ്ദമായി ധ്യാനിച്ചതിനുശേഷം സ്വാധീനിച്ച** വാക്യം ഓരോരുത്തരായി പങ്കുവയ്ക്കുക - (എല്ലാവരും ഒരുപ്രാവശ്യം പങ്കുവയ്ക്കുന്നത് ഉചിതം)

**വചന വിശകലനം –** ⋆ 14, 15 വചനങ്ങളിലെ ചോദ്യങ്ങളേവ ? ⋆ സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങളെക്കുറിച്ച് എന്താണ് പറയുന്നത്? ഇത് ബൈബിളിൽ എവിടെയാണ് ? ⋆ വചനം 17ൽ വിശ്വാസം എപ്രകാരം രൂപപ്പെടുന്നുവെന്നാണ് പറയുന്നത്? ⋆ സിനഡൊരുക്കത്തിൽ വ്യക്തിപരമായും കൂട്ടായ്മയിലും ഇടവകയിലും രൂപതയിലും എപ്രകാരം പങ്കാളികളാകാമെന്നതിനെക്കുറിച്ച് ചർച്ചചെയ്യാം.

**ചർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും : സിനഡ് സഭയ്ക്ക് കരുത്തും കൃപയും പകരുന്നു.** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വളരെ പ്രധാനപ്പെട്ട ഒരു സംഭാവനയാണ് 'ബിഷപ്പുമാരുടെ സിനഡ്". രണ്ടാം വത്തിക്കാൻ കൗൺസിലിനെതുടർന്ന് നാളിതുവരെ 15 പൊതുസിനഡുകൾ ഇപ്രകാരം നടന്നിട്ടുണ്ട്. ഓരോ സിനഡിനും ഓരോ വിഷയങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടത്. എങ്കിൽ ഈ വർഷമാകട്ടെ "സിനഡാലിറ്റി" (സിനഡെപ്രകാരമെന്ന ബോധ്യംപങ്കുവയ്ക്കുന്ന) താണ് ചർച്ചയാക്കുന്നത്. അതിനാൽ ഈ സിനഡ് നടക്കുന്നത് മൂന്നു തലങ്ങളിൽ ആണ്. ഒന്നാമത്തേത് **രൂപതാതലം** രണ്ടാമത്തേത് **ഭൂഖണ്ഡാന്തരതലം** മൂന്നാമത്തേത് **ആഗോളതലം.** 1967 മുതൽ 2018 വരെ പതിനഞ്ച് പൊതുസിനഡുകൾ ആഗോളസഭയെ ശക്തിപ്പെടുത്താനായി അതാതു കാലങ്ങളിലെ മാർപാപ്പാമാരിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായി നടന്നിട്ടുണ്ട്. അവയ്ക്കോരോന്നിനും പ്രത്യേകമായ വിഷയവും ലക്ഷ്യവുമുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയാണ് ഒക്ടോബർ 9 ന് ആരംഭിക്കുന്ന പതിനാറാമത്തെ സിനഡ്. ഇത് 2023 വരെ തുടരുന്ന ഒരു നീണ്ട പഠനത്തിന്റെയും ചർച്ചകളുടെയും കേൾവിയുടെയും വളർച്ചയുടെയും നാളുകളാവുക എന്നതാണ് ലക്ഷ്യമാക്കുന്നത്. 2023 ഒക്ടോബർ മാസം വത്തിക്കാനിൽവച്ച് നടക്കുവാൻപോകുന്ന ബിഷപ്പുമാരുടെ സിനഡിന്റെ പതിനാറാമത് 'സാധാരണ പൊതുസമ്മേളനത്തിൽ' ചർച്ചചെയ്യുവാൻപോകുന്ന വിഷയം **'കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം ഒരു സിനഡൽ സഭയ്ക്ക്"** എന്നതാണ്. ഇതിന് ഒരുക്കമായി 2021 ഒക്ടോബർ മാസം 9,10 തീയതികളിൽ വത്തിക്കാനിൽവച്ച് സിനഡിന്റെ ഉദ്ഘാടനം പരിശുദ്ധ പിതാവ് നടത്തുകയും ഒക്ടോബർ മാസം പതിനേഴാം തീയതി എല്ലാ രൂപതകളിലും സിനഡിന്റെ രൂപതാതല ഉദ്ഘാടനം നടത്തപ്പെടുകയും ആണ്.

രൂപതാതലത്തിൽ സിനഡിന്റെ ഉദ്ഘാടനം ഒക്ടോബർ 17-ാം തീയതി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജയിംസ് റാഫേൽ ആനാപറമ്പിൽ പിതാവ് ആലപ്പുഴ മൗണ്ട് കാർമൽകത്തീഡ്രൽ ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു. അതേദിനം പ്രധാന ദിവ്യബലിയിൽ ബഹുമാനപ്പെട്ട വികാരിമാരുടെ നേതൃത്വത്തിൽ ഇടവകതലത്തിലും ആരംഭം കുറിക്കുന്നു. 2022 ഏപ്രിൽ മാസംവരെ നീളുന്ന രൂപതാതല സിനഡ് സമ്മേളനങ്ങളിലെ ചർച്ചകളിലും പഠനത്തിലും ആത്മാർത്ഥമായി നമുക്ക് പങ്കുചേരാം. 'ഒരുമിച്ച് യാത്രചെയ്യുന്ന സഭാ സമൂഹം' എന്ന നിലയിൽ എപ്രകാരമാണ് ഇടവകയിൽ 'കൂട്ടായ്മയും പങ്കാളിത്തവും

ദൗത്യവും' വർധിപ്പിച്ച്, ഒരുമിച്ച് ഒരു സമൂഹമായി സ്വർഗരാജ്യം ലക്ഷ്യമാക്കി യാത്ര ചെയ്യേണ്ടതെന്ന് വിവേചനപൂർവ്വം ശ്രവിക്കാനും തീരുമാനങ്ങൾ കൈക്കൊള്ളാനും സാധിക്കട്ടെ. സഭയുടെ മിഷൻ പ്രവർത്തനങ്ങൾ എന്നും നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് നമുക്ക് കാതോർക്കാം അതനുസരിച്ച് പ്രവർത്തിക്കാം. (തയ്യാറാക്കിയത് : റവ. ഫാ. ജോബിൻ പനയ്ക്കൽ. അസി. ഡയറക്ടർ, സെന്റ് ആന്റണീസ് ബോയ്സ് ഹോം, ആലപ്പുഴ)

**ചർച്ചയും പ്രവർത്തനവും:**

1.സഭയിലെ സിനഡിനെക്കുറിച്ചുള്ള അറിവുകൾ പങ്കുവയ്ക്കുക.

2. ഇതുവരെ നടന്ന 15 പൊതുസിനഡുകളുടെ മുഖ്യപ്രമേയം കണ്ടെത്തി അവതരിപ്പിക്കുക.

3. സിനഡു മുന്നോട്ടുവയ്ക്കുന്ന പഠനത്തിന്റെയും കേൾവിയുടെയും അഭിപ്രായരൂപീകരണത്തിന്റെയും സന്ദേശം കുട്ടായ്മ, സംഘടനകൾ, ഇടവക തലത്തിൽ എപ്രകാരമാണ് നടപ്പാക്കുക.

4. രൂപതയിൽ തുടങ്ങുന്ന ജൂബിലിയുടെയും സിനഡിന്റെയും പ്രവർത്തനങ്ങൾ ഇടവകയിൽ ഏകോപിപ്പിക്കാൻ ഓരോ സമൂഹത്തിലെയും ഇടവകയിലെ എല്ലാ ശുശ്രൂഷാ മേഖലയിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പ്രവർത്തക സമിതിക്ക് രൂപം നൽകുക.

*** സ്വയം പ്രേരിത പ്രാർത്ഥന** തുടർന്ന് **സമാപന പ്രാർത്ഥന * മുൻ റിപ്പോർട്ട് വായനയും ശരിവയ്ക്കലും * അറിയിപ്പുകൾ * * ബൈബിൾ വന്ദനം** (സ്പർശിക്കാതെയാക്കാം)

**അറിയിപ്പുകൾ :**

1) സിനഡിന്റെയും ജൂബിലിയുടെയും വിജയത്തിനായി കുടുംബങ്ങളിലും ഇടവകയിലും പ്രാർത്ഥനകൾ ആരംഭിക്കുക

2) രൂപത ജൂബിലിയുടെ പ്രഥമലക്ഷ്യമായി, 2016ൽ ആരംഭിച്ച കുടുംബങ്ങളുടെ വിവരശേഖരണം നവീകരിക്കാനും പൂർത്തിയാക്കാനും, രൂപത നിഷ്കർഷിക്കുന്ന സമയത്തിനുള്ളിൽ നടപ്പാക്കുന്നതിലേക്ക് ഓരോ സമൂഹത്തിലും വ്യക്തികൾക്ക് ചുമതല നൽകി ഇടവകയിൽ ഒരു ടീമിനെ രൂപീകരിച്ച് ബഹു. വികാരിയച്ചന്റെ നിർദ്ദേശാനുസരണം പ്രവർത്തനമാരംഭിക്കുക.

3) മഹാമാരിയുടെ തീവ്രത കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ജപമാല പ്രാർത്ഥന പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസ്യതമായി നടത്തുന്നതായി അറിയുന്നു. ആവശ്യമായ മുൻകരുതൽ ഗൗരവമായെടുക്കാൻ ശ്രദ്ധിക്കുക. ശക്തമായ പ്രാർത്ഥന എല്ലാവരുടെയും സൗഖ്യത്തിന് ഉപകരിക്കും. ബൈബിൾ പഠനത്തിനും സഭാ പ്രബോധനങ്ങൾ കൈമാറുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തുക.

4) ദശലക്ഷം കുട്ടികളുടെ ജപമാലസമർപ്പണം എന്ന പേരിൽ 30 ഭാഷകളിലായി ഒക്ടോബർ 18ന് ഒരു ജപമാല പ്രാർത്ഥന നടത്തപ്പെടുത്തുണ്ട്. www.millionchildrenpraying.org ഈ സൈറ്റിൽനിന്ന് കുടുതൽ വിവരങ്ങൾ ലഭ്യമാണ്.

5) പ്ലസ്സ് ടൂ, കോളേജ് പഠനത്തിനു മികച്ച വിജയം നേടിയവർക്കുപോലും അഡ്മിഷൻ അപ്രാപ്യമാകുന്ന സാഹചര്യത്തിൽ ആവശ്യമായ ഗൗരവത്തോടെ കുട്ടികളുടെ തുടർപഠനമുറപ്പിക്കാൻ സമൂഹത്തിൽ ഇടപെടലുകൾ ഉണ്ടാകുക. രൂപതയിൽ കണ്ടക്കടവ്, അർത്തുങ്കൽ , പള്ളോട്ടിൻ, കാട്ടൂർ, എന്നിവടങ്ങിളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ തുടർവിദ്യാഭ്യാസത്തിനു ലഭിക്കുന്ന സാധ്യത പ്രയോജനപ്പെടുത്താൻ അവിടങ്ങളിൽ അന്വേഷിച്ച് കുട്ടികൾക്ക് വിവരങ്ങൾ നൽകുക.

6) സ്കോളർഷിപ്പുകൾ, ഗവൺമെന്റിന്റെ വിവിധങ്ങളായ ക്ഷേമ പദ്ധതികൾ, സഹായ വിതരണങ്ങൾ, ഇവയെല്ലാം വേണ്ടവിധം എല്ലാ വ്യക്തികളിലെയ്ക്കും കുടുംബങ്ങളിലെയ്ക്കും എത്തിക്കുന്നതിനും അതിനുള്ള അപേക്ഷകളും ആവശ്യമായ സർട്ടിഫിക്കറ്റുകളും ശേഖരിക്കുന്നതിന് കുടുംബങ്ങളെ സഹായിക്കുന്നതിനുമായി ഇടവകകളിൽ കാര്യക്ഷമമായ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

7) കേരളത്തിലെ ലത്തീൻ രൂപതകളെല്ലാം ചേർന്നു ആരംഭിച്ചിട്ടുള്ള മാര്യേജ് ബ്യൂറോയുടെ സേവനം ലഭ്യമാകാൻ രൂപതയിലെ കുടുംബപ്രേഷിത ശുശ്രൂഷയുടെ സഹായം ലഭ്യമാണ്. ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് കൊടിയനാടിനെ ബന്ധപ്പെടാവുന്നതാണ്. : 9446331929

8) ഇടവകയിലെ വിശ്വാസ പരിശീലനത്തിന് ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകുക. കോവിഡ് തിവ്രത കുറയുന്ന സാഹചര്യത്തിൽ സാധാരണമായിരുന്ന മതബോധന പ്രവർത്തനങ്ങൾ വേണ്ട മുൻകരുതലോടെ നടപ്പാക്കാൻ സമൂഹങ്ങൾ സഹകരിക്കുക.

9)അർത്തുങ്കൽ ബസ്ലിക്കയിലെ തിരുനാൾ എല്ലാവരിലുമെത്തിക്കാൻ "യുട്യൂബ്" ചാനലിൽ എല്ലാവരും വരിക്കാരായി പരസ്പരം തിരുനാളിനായി പ്രാർത്ഥിച്ചൊരുങ്ങുക.

10) ജൂബിലി കാലയളവിൽ ഇടവകയിലും രൂപതയിലും ആത്മീയ, സാമുഹീക, വിദ്യാഭ്യാസ, ക്ഷേമ പദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കുന്നതിന് സഹകരിക്കുക.

**പ്രസിദ്ധീകരണം : ഫാ. ജോൺസൺ പുത്തൻവീട്ടിൽ, ബി.സി.സി. ഡയറക്ടർ, എസ്.എച്ച്. സെമിനാരി ക്യാമ്പസ്, ആലപ്പുഴ – 688 001** Mob: 9497220737








## VOX SANT' ANDREA യിൽ

ജന്മദിനം വിവാഹവാർഷികം...തുടങ്ങിയ
വിശേഷ ദിവസങ്ങൾ ആശംസിക്കുവാനും
ഉറ്റവരുടെ മരണദിന അനുസ്മരണത്തിനായും
അവസരം ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ
ഈ നമ്പറിൽ ബന്ധപ്പെടുക 9539369147




### നിരക്കുകൾ

| | |
|---|---|
| Full Page | 2500 |
| Half Page | 1250 |
| Quarter Page | 600 |




"അർത്തുങ്കൽ വാഴും
വിശുദ്ധ സെബസ്ത്യാനോസേ
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കേണമേ"